**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 157** **29-01-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം തീരപ്രദേശത്ത് ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൈപ്പമംഗലം തീരപ്രദേശത്തെ ഒഴിഞ്ഞ വീടുകളും സ്ഥലങ്ങളും കേന്ദ്രീകരിച്ചുള്ള ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി തീരപ്രദേശ പോലീസ് സ്റ്റേഷനെയും, കൈപ്പമംഗലം പോലീസ് സ്റ്റേഷനെയും ക്രിയാത്മകമായി ഉപയോഗിക്കുന്നതിനായുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നൂതന പരിപാടി ആസൂത്രണം ചെയ്യാമോ? | (എ) | തീരപ്രദേശത്ത് ലഹരിവിരുദ്ധ നടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ സബ് ഡിവിഷനിൽ പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം കൈപ്പമംഗലം സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ഉൾപ്പെടെ രണ്ട് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ പ്രത്യേക പോലീസ് സംഘം ഒഴിഞ്ഞ വീടുകളിലും പ്രാന്തപ്രദേശങ്ങളിലും നിരീക്ഷണം നടത്തി രഹസ്യ വിവരങ്ങൾ ശേഖരിച്ച് വരുന്നു. കൈപ്പമംഗലം പോലീസ് സ്റ്റേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് പോലീസ് നിരീക്ഷണം ശക്തമാക്കിയിട്ടുള്ളതും ടി സ്റ്റേഷൻ പരിധിയിലെ വിവിധ സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചും സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ മയക്കുമരുന്നുകളുടെ വിപത്തിനെതിരെ ബോധവൽക്കരണ ക്ലാസ്സുകളും നൽകി വരുന്നു. കൂടാതെ സംശയാസ്പദമായ വിവരങ്ങൾ കൈമാറുന്നതിന് ആവശ്യമായ നിർദ്ദേശം അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും നൽകിയിട്ടുണ്ട്.<br><br>ജനമൈത്രി പോലീസിംഗിന്റെ ഭാഗമായി ബീറ്റ് പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന രഹസ്യ വിവര പ്രകാരം സ്കൂൾ പരിസരങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും മറ്റു പരിസരങ്ങളിലുമുള്ള ലഹരി മരുന്നുകളുടെ ഉപയോഗവും വിതരണവും തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി കടലോര ജാഗ്രതസമിതിയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും മറ്റും സംഘടിപ്പിച്ചു വരുന്നുണ്ട്. ആഘോഷ വേളകളിൽ മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ |

| | | | |
|---|---|---|---|
| | | | വിപണനം തടയുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് റെയ്ഡുകൾ നടത്തിയും കർശന വാഹന പരിശോധന നടത്തിയും നടപടി സ്വീകരിച്ചു വരുന്നു. DOG SQUAD ന്റെ സഹായത്തോട് കൂടി ജനങ്ങൾ കൂട്ടം ചേരുന്ന സ്ഥലങ്ങളിലും, ഓട്ടോസ്റ്റാന്റിലും മറ്റും കർശന പരിശോധനകൾ നടത്തി വരുന്നു. അഴീക്കോട് തീരദേശ പോലീസ് സ്റ്റേഷൻ പരിധിയിൽ ജില്ലാ ഡാൻസാഫ് ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരെയും, ഉപയോഗിക്കുന്നവരെയും പിടികൂടി ഇവർക്കെതിരെ കർശ്ശനമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് കൂടാതെ അഴീക്കോട് തീരപ്രദേശ പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധപ്രവർത്തനങ്ങളുടെ ഭാഗമായി ക്രിക്കറ്റ്, ഫുട്ബോൾ മൽസരങ്ങൾ സംഘടിപ്പിച്ചു വരുന്നു. തീരദേശ പട്രോളിങ്ങും, ദിവസേന ബീറ്റ് പട്രോളിങ്ങും, ബോട്ട് പട്രോളിങ്ങും നടത്തി ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ